# PASSWORD

To Unlock Everyone

2020

Little Kite's
DIGITAL
MAGAZINE



ST. Thomas HS Manikkadave



അബ്ദുൾ ബാസിദ്
(മാഗസിൻ ഓർഗനൈസർ)

# എഡിറ്റോറിയൽ ബോർഡ്



ബെൻ ഫ്രാൻസിസ് അബി



രോഹൻ ജിം



അലൻ തെരേസ



ആഷ്‌വിൻ സി.റ്റി



ഐവി തെരേസ്

# PASSWORD

To Unlock Everyone

2020

Little Kite's DIGITAL MAGAZINE



ST. Thomas HS Manikkadave

# ഉള്ളടക്കം

# ആമുഖം

# ആശംസകൾ

# ആശംസകൾ

# എന്റെ വിദ്യാലയം

വടക്കെ മലബാറിന്റെ ഐശ്വര്യത്തെ വിളിച്ചോതിക്കൊണ്ട് കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ മണിക്കടവിന്റെ വിദ്യാഭ്യാസ സാംസ്കാരിക,സാമ്പത്തിക സാമൂഹിക മേഖലകളിൽ വിപ്ലവകരമായ മാറ്റത്തിനു പങ്കു വഹിച്ച സ്ഥാപനമാണ് മണിക്കടവ് സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ.
1976-ൽ സ്ഥാപിതമായ ഈ സരസ്വതി ക്ഷേത്രം കുടിയേറ്റ ജനതയുടെ ഓക്സ്ഫോർഡ് യൂനിവേർസിറ്റി ആണെന്ന് നിസംശയം പറയാം.വളർച്ചയുടെ നാൽപ്പത്തിനാലു വർഷങ്ങൾ പിന്നിടുമ്പോൾ അറിവിന്റെ അനന്തവിഹായസ്സിലേക്ക് പറത്തിവിട്ട പൊൻതുവലുകൾ ലോകത്തിന്റെ നാനാ ദിക്കിലും പൊൻപ്രഭവിതറിക്കൊണ്ടെന്ന് അഭിമാനത്തോടെ ഓർക്കാം.

കുടിയേറ്റത്തിന്റെ കഷ്ടപ്പാടുകൾക്കിടയിലും അസൗകര്യങ്ങളുടെയും സാമ്പത്തിക പരാധീനതകളുടെയും കാലത്തും അശ്രാന്തപരിശ്രമത്തിലൂടെ നമ്മുടെ പൂർവ്വികർ ഒരുമയോടെ പടുത്തുയർത്തിയതാണീ വിദ്യാകേന്ദ്രം.അതുമാത്രവുമല്ല എന്റെയും ഒട്ടു മിക്ക കൂട്ടുകാരുടെയും മാതാപിതാക്കളും പ്രിയപ്പെട്ട പല അധ്യാപകരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ തന്നെയാണെന്നുള്ളതും ഏറെ സന്തോഷം നൽകുന്നു. വിനോദ സഞ്ചാരികളെ മാടി വിളിക്കുന്ന ദൈവങ്ങളുറങ്ങുന്ന കാഞ്ഞിരക്കൊല്ലിയിലേക്കുള്ള റോഡിന്റെ ഇരുവശത്തുമായി പഴമയുടെ പാരംമ്പര്യത്തെ വിളിച്ചോതിക്കൊണ്ട് തലയെടുപ്പോടെ ഉയർന്ന് നിൽക്കുകയാണ് എന്റെ വിദ്യാലയം. കുട്ടികൾ പതിനാറ് ഡിവിഷനുകളിലായി ഇംഗ്ലിഷ്, മലയാളം മീഡിയം ക്ലാസ്സുകളിൽ പഠനം നടത്തുന്നു.ശ്രീ

വി.വി തോമസ് സർ നേതൃത്വം കൊടുക്കുന്ന എന്റെ വിദ്യാലയത്തിൽ ഇരുപത്താറ് അധ്യാപകരും നാല്ഓഫീസ് സ്റ്റാഫുകളുമാണ് ഉള്ളത്.ശിക്ഷയും ശിക്ഷണവും അനുമോദനവും താക്കീതും പ്രോത്സാഹനവും നൽകുന്ന ഒരു കൂട്ടം അധ്യാപകർ ഞങ്ങളുടെ വ്യക്തിത്ത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.അവരെ ഭയഭക്തി ബഹുമാനത്തോടെയും നന്നിയോടെയും സ്മരിക്കുന്നു. ഈ വിദ്യാലത്തിന് ആത്മീയവും ,ഭൗതികമായ നിലയിൽ എല്ലാവിധ പിന്തുണയും നൽകുന്ന സ്കൂൾ മാനേജരായ ബഹു.ജോർജ്ജ് ഇലവുംകുന്നേൽ അച്ചനെ നന്ദിയോടെ സ്മരിക്കുന്നു.

പഠനവും സൗഹൃദവും

കലോൽത്സവങ്ങളും വിനോദയാത്രകളും അങ്ങനെ ഒരുപാടൊരുപാട് കാര്യങ്ങളിലൂടെ വിദ്യാധനത്തോടൊപ്പം സൗഹൃദസമ്പത്തും സമ്മാനിക്കുകയാണ് എന്റെ വിദ്യാലയം. കാലത്തിന്റെ ഗതിവിഗതികളിലൂടെ യാത്ര തുടരുമ്പോൾ ഓർമ്മിക്കട്ടെ.

" അച്ചന്റെ വാത്സല്യം സ് നേഹാക്ഷരങ്ങളായി ആലപിക്കും

ഗന്ധർവ്വ സദസ്സല്ലോ വിദ്യാലയം
സ്നേഹം പങ്കിടാൻ
സ്നേഹമാം ഭാഷ പഠിക്കുവാൻ
നാളയുടെ വാഗ്ദാനം ജന്മം കൊള്ളും
നന്മതൻ ഈറ്റില്ലമെൻ വിദ്യാലയം.”

Angel Rajesh 9A

# മലയാളം

കുഞ്ചൻ തുള്ളിയ മലയാളം
ഉള്ളൂർ വഴി മലയാളം
ആശാനെഴുതിയ മലയാളം
കവികളൊഴുകും മലയാളം

വയലാറിൻ ഗർജനം മലയാളം
വള്ളത്തോളൊഴുകും മലയാളം
കവികളൊഴുകും മലയാളം

ഒ.എൻ.വി പാടിയ മലയാളം
കുറ്റിപുഴയുടെ പുഴപോലൊഴുകും മലയാളം
കുഞ്ഞിന്റ നൊമ്പരം മലയാളം
കവികളൊഴുകും മലയാളം

അനശ്വര പി.സ്
9b

# നന്മയുടെ ലോകം

ഒരിടത്തൊരു സ്കൂളിലെ മിടുക്കിയായ പെൺകുട്ടി.സോന എന്നു വിളിക്കും ഒൻപതാം ക്ലാസിൽ പഠിക്കുന്നു. പഠിക്കാൻ നല്ല മിടുക്കിയായിരുന്നു.നന്നായി പാട്ട് പാടും. ചിത്രം വരക്കും.എല്ലാകുട്ടികൾക്കും അവളെ വളരെ ഇഷ്ടമായിരുന്നു.എല്ലാവർക്കും എല്ലാക്കാര്യത്തിനും സോന മതിയായിരുന്നു. സ്കൂൾ മൊത്തം ഒരു കലാതിലകമായി ഒരു സുഹൃത്തായി അവൾ അറിയപ്പെട്ടു.അങ്ങനെയിരിക്കെ ഒരു ദിവസം സോന തലകറങ്ങി വീണു.അവളെ ആശുപത്രിയിലെത്തിച്ചു. അപ്പോഴാണ് അറിയുന്നത്.അവളുടെ രണ്ട് വൃക്കകളും ചുരുങ്ങി വരുകയാണ്.രണ്ടാഴ്ച്ചക്കുള്ളിൽ അവളുടെ വൃക്ക മാറ്റി വയ്ക്കണമെന്നു ഡോക്ടർ നിർദേശിച്ചു.വൃക്ക കൊടുക്കാൻ അവളുടെ അച്ഛനും അമ്മയും തയ്യാറായി.എന്നാൽ അതിനായി ഡൽഹിയിലുള്ള ആശുപത്രിയിൽ പോകണം.പക്ഷെ അവൾ പിറ്റേ ദിവസം വാശി പിടിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു.ആരോടും അസുഖ വിവരം അറിയിച്ചില്ല.

അന്ന് അവൾ എല്ലാരോടും ഗൾഫിൽ പോവുകയാണെന്നു പറഞ്ഞു.സ്കൂൾ മൊത്തം വിഷമത്തിലായി.അന്ന് എല്ലാവരും കരഞ്ഞ് കൊണ്ട് അവളെ യാത്രയാക്കി.പിറ്റിയേ ദിവസം അവൾ ഡൽഹിലേക്ക് പോയി.ഒരു ദിവസത്തെ യാത്രയ്ക്ക് ശേഷം അവൾ അവിടെ എത്തി. അന്നു തന്നെ ചികിത്സ തുടങ്ങി.ടെസ്റ്റുകൾക്കൊടുവിൽ ഡോക്ടർ പറഞ്ഞു ."വൃക്ക മാറ്റി വച്ചിട്ടു കാര്യമില്ല അവളുടെ എല്ലാ അവയവങ്ങളും ചുരുങ്ങി വരുകയാണ്.ഇനിയവൾക്ക് രണ്ടോ മൂന്നോ മാസമേ ആയുസ്സുള്ളൂ."അങ്ങനെ മൂന്നു ദിവസത്തിനു ശേഷം നാട്ടിലെത്തി. വീട്ടിലെത്തിയ ശേഷമാണ് അവളതറിഞ്ഞത്.പിറ്റേ ദിവസം സ്കൂളിലെത്തി എന്നാൽ ഒരുമാസം എന്നെ കാണാതിരിക്കാൻ സാധിക്കാത്ത ഇവർക്ക്

ഇതെങ്ങനെ താങ്ങാൻ കഴിയുമെന്നായിരുന്നു അവളുടെ ചിന്ത.സ്കൂളിലെത്തിയ അവളെ എല്ലാവരും സന്തോഷത്തോടെ വരവേറ്റു.അവൾ ആരോടും ഒന്നും പറഞ്ഞില്ല.പിറ്റേന്നു പറയാമെന്നു കരുതി. പിറ്റേന്നു അതു സംഭവിച്ചു.അവൾ ജീവിതത്തിൽ നിന്നും യാത്രയായി.




ഋതുനന്ദ യു
IX E











AMAR NATH
9A

# മറക്കാനാവാത്ത ഓർമ്മകൾ

എന്റെ സ്കൂൾ ജീവിധത്തിൽ മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ച ദിനങ്ങളായിരുന്നു 2019 ഡിസംബർ 26,27,28 തിയതികളിൽ തളിപ്പറമ്പ് സർസെയ്ദ് സ്കൂളിൽ വച്ച് നടന്ന ഗൈഡ് രാജ്യപുരസ്കാർ ക്യാമ്പ് ഞങ്ങൾ 17 പേരടങ്ങുന്ന സംഘം തെല്ലൊരു സന്തോഷത്തോടെ അതിലേറെ ആശങ്കയോടെയും 26-ാം തിയതി 2 മണിക്ക് സ്കൂളിൽ നിന്നും അധ്യാപകരോടൊപ്പം യാത്ര പുറപ്പെട്ടത്.യാത്രയിലുടനീളം ഒരു വിനോദയാത്ര പ്രതീതിയായിരുന്നു.എന്നാൽ ക്യാമ്പിലെത്തിയതോടെ എല്ലാവരുടെയും മുഖത്ത് അസ്വസ്ഥത പ്രകടമായി കണാനുണ്ടായിരുന്നു.സ്കൂൾ മുറ്റം നിറയെ കുട്ടികൾ.അവർക്കിടയിൽ അവരോടൊപ്പം എത്തിച്ചേർന്ന അധ്യാപകർ.തെല്ലൊരു ഭയത്തൊടെ ലഗേജുകൾ വരാന്തയിൽ ഒതുക്കി വച്ചശേഷം ഞങ്ങളും അവരോടൊപ്പം ചേർന്നു.സ്കൂൾ അടിസ്ഥാനത്തിൽ പേര് വിളിച്ച് രജിസ്റ്ററേഷൻ നടത്തി.ഈ സമയത്തൊക്കെ എക്സാമിനർമാരുടെ കർശന നിർദ്ദേശനങ്ങളും ശകാരങ്ങളും അവിടെ മുഴങ്ങി കേൾക്കാമായിരുന്നു.ഇതുകേട്ട് ചിലരൊക്കെ കരയുന്നതും കാണാമായിരുന്നു.ഏകദേശം 600 കുട്ടികൾ ഉണ്ടായിരുന്നു.ഞങ്ങളെ 2 ഗ്രൂപ്പുകളായി തിരിച്ചു.ഞങ്ങൾ 17 പേർ രണ്ടു രണ്ട് ഗ്രൂപ്പുകളിലായി വേർതിരിക്കപ്പെട്ടു.തുടർന്ന് ഓരോ ഗ്രൂപ്പിലെയും കുട്ടികളെ രണ്ട് ഭാഗത്തായി ഒരുമിച്ച് കൂട്ടി  ഫ്ലാഗ് സെർമണി നടത്തി.പിന്നീട് ചായ കുടിച്ചതിനുശേഷം വീണ്ടും ഗ്രൂപ്പുകളിലെത്തി.തുടർന്ന് ക്യാമ്പിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് ഞങ്ഹൾക്ക് പറഞ്ഞു തന്നു.രാത്രി ഭക്ഷണത്തിനുശേഷ ഞങ്ങൾക്ക പ്രാർത്ഥനാഗാനം,പതാകഗാനം,ദേശീയഗാനം തുടങ്ങീയവയുടെ ടെസ്റ്റ് നടന്നു.അതിനുശേഷം പതിനൊന്നരയോടുകൂടി ഉറങ്ങാൻ പോയി.പക്ഷെ പലർക്കും പലവിധ അസ്വസ്ഥതകളാൽ വളരെ വൈകിയാണ് ഉറക്കം വന്നത്.അടുത്തദിവസം അഞ്ചുമണിയോടെ ഞങ്ങൾ ഉണർന്നു.ആറുമണിയോടെ ഞങ്ങൾ ഗ്രൂപ്പുകളിലെത്തിച്ചേരണമെന്ന നിർദ്ദേശം പാലിക്കാൻ ഏറെ പ്രയാസപ്പെട്ടു.കാരണം ടോയിലറ്റുകളുടെയും ബാത്ത്റൂമുകളുടെയും അപര്യാപ്തതയാണ്.തുടർന്ന് ലോഗ് വേരിഫിക്കേഷൻ ആയിരുന്നു.അതിനിടയിൽ പ്രഭാതഭക്ഷണവും കഴിച്ചു.തുടർന്ന് GK പരീക്ഷ നടന്നു.പിന്നീട് ബാന്റേജുകളുടെയും കെട്ടുകളുടേയും ടെസ്റ്റുകൾ നടന്നു.അത്

വെയിലത്തായിരുന്നത് കൊണ്ട് ഞങ്ങൾ ഏറെ തളർന്നു.തുടർന്ന് ഉച്ചഭക്ഷണത്തിനായുള്ള പൊരുവെയ്ലത്തെ കാത്തിരിപ്പും ഞങ്ങൾക്ക് പുതിയ ഒരു അനുഭവമായിരുന്നു.അതിനുശേഷം കോമ്പസ്സ് സെറ്റിംങ്ങ് മരത്തിന്റെ ഉയരം കണ്ടുപിടിക്കൽ എന്നിങ്ങനെ വിവിധതരം ടെസ്റ്റുകൾ നടന്നു.അതിനുശേഷം ചായ കുടിച്ചു.ഞങ്ങൾ ലോഗ് വേരിഫിക്കേഷനായി എക്സാമിനർമാരുടെ അടുത്തേയ്ക്കക്ക് പോയി. അത് രാത്രി ഭക്ഷണം വരെ നീണ്ടു.തുടർന്ന് ക്യാമ്പ് ഫയർ ആയിരുന്നു.പലവിധ കളികൾ ഞങ്ങൾക്ക് അൽപ്പനേരത്തേയ്ക്ക്  ഒരാശ്വാസം നൽകി.തുടർന്ന്  ഞങ്ങൾ ഉറങ്ങാൻ പോയി.പതിവുപോലെ വീണ്ടും അഞ്ചു മണിക്ക് ഉണർന്നു.ആറ് മണിയോടെ ക്യാമ്പിൽ എത്തിച്ചർന്നു.അതിനുശേഷം ഫ്ലാഗ് സെറിമണി നടന്നു.തുടർന്ന് വിവിധ ടെസ്റ്റുകൾക്കായി ഞങ്ങൾ വീണ്ടും ൺഎത്തിച്ചേർന്നു.ഏറ്റവും ഒടുവിലായി നടന്ന ടെസ്റ്റായിരുന്നു ടെന്റ് നിർമ്മാണം.അതിൽ ഞങ്ങളുടെ ടെന്റായിരുന്നു കൂടുതൽ മനോഹരമെന്ന് എക്സാമിനർമാരുടെ അഭിപ്രായം ഞങ്ങൾക്ക് സന്തോഷം പകർന്നു. അവിടെ നിന്നും കിട്ടിയജീവിത പാഠങ്ങൾ ഏതു പ്രതിസന്ധിയെയും തരണം ചെയ്യാനുള്ള അനുഭവപാഠങ്ങളായിരുന്നു.അവ നൽകിയ ആത്മവിശ്വാസത്തോടെ ഒരു ഗൈഡ് ആയതിൽ ഏറെ സന്തോഷത്തോടെ, അഭിമാനത്തോടെ ഞങ്ങൾ അധ്യാപകരോടൊപ്പം അവിടുന്ന് 3 മണിയോടെ മടക്കയാത്ര ആരംഭിച്ചു.





കാതറിൽ മരിയ 8 c റോസ് മരിയ